**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5310** **21-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിലുള്ള ഗുണഭോക്താക്കൾക്ക് ഏത് മാസം വരെയുള്ള ധനസഹായമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ആശ്വാസകിരണം പദ്ധതി പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി 8 ജില്ലകളിലെ നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട് |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര ഗുണഭോക്താക്കൾക്കാണ് ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നതെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 92412 ഗുണഭോക്താക്കൾക്കാണ് ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നത്. |
| (സി) | ആശ്വാസകിരണം പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ അപേക്ഷിച്ചവരിൽ ഏത് തീയതി വരെ അപേക്ഷിച്ചവർക്കാണ് ധനസഹായം അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അർഹരായ അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചത് |
| (ഡി) | നിലവിൽ ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ? | (ഡി) | 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതൽ ടി കാര്യാലയത്തിൽ 62282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ